IV. സബ്മിഷൻ

[ചെയറിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. തോമസ് ചാഴികാടൻ]

(1) റേഷൻ കാർഡുകൾക്ക് പകരം ഭക്ഷ്യ കൂപ്പൺ നൽകുവാനുള്ള കേന്ദ്ര തീരുമാനം

പ്രതിപക്ഷ നേതാവ് (*ശ്രീ. വി. എസ്. അച്ചുതാനന്ദൻ*): സർ, സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പു വരുത്തുവാനും വില നിലവാരം പിടിച്ചു നിർത്തുവാനുംവേണ്ടി സ്ഥാപിച്ചിട്ടുള്ള എഫ്.സി.ഐ. ഗോഡൗണുകളും സംസ്ഥാനത്തെ ഭക്ഷ്യ റേഷൻ കടകളും അടച്ചുപൂട്ടി റേഷൻകാർഡുകൾക്ക് പകരം ഭക്ഷ്യ കൂപ്പൺ നൽകുവാനുള്ള ഭക്ഷ്യ മന്ത്രാലയത്തിന്റെ തീരുമാനം രാജ്യത്താകെ എന്നപോലെ കേരള സംസ്ഥാനത്തേയും അതീവ ഗുരുതരമായ നിലയിൽ ബാധിക്കാൻ പോവുകയാണ്. പത്തുനാൽപ്പത്തിയഞ്ച് കൊല്ലത്തിലേറെക്കാലമായി നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന റേഷൻ കടകൾവഴിയും അതുപോലെ തന്നെയുള്ള സ്റ്റോറുകളുംവഴി അരിയും മണ്ണെണ്ണയും പഞ്ചസാരയും മറ്റു ഭക്ഷ്യ സാധനങ്ങളും വില നിശ്ചയിച്ച്, ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ റേഷൻകടകൾ സംസ്ഥാനവ്യാപകമായി സ്ഥാപിച്ച്, എത്രയോ കൊല്ലമായി പാവപ്പെട്ട സാധാരണക്കാരായിട്ടുള്ള ജനങ്ങൾക്ക് അത്യാവശ്യം നിത്യോപയോഗ സാധനങ്ങൾ നൽകി വരുകയാണ്. അങ്ങനെ റേഷൻ കാർഡുകളും ആ റേഷൻ കാർഡ് ഉപയോഗിച്ച് റേഷൻ കടകളിൽ നിന്ന് ഭക്ഷ്യ സാധനങ്ങൾ വാങ്ങുകയും ചെയ്തുകൊണ്ടിരുന്ന സമ്പ്രദായം ആകെ തകിടംമറിഞ്ഞു. 'ഭക്ഷ്യ കൂപ്പൺ' എന്നുപറയുന്ന ഒരു സമ്പ്രദായം നടപ്പിലാക്കി പൊതുമാർക്കറ്റിലെ കടകളിൽ കൊണ്ടുപോയി കൊടുത്ത് ഭക്ഷ്യ സാധനങ്ങൾ വാങ്ങുക എന്നുള്ള തലതിരിഞ്ഞ ഒരു സമീപനം ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നു എന്നാണ് വാർത്തകളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. വിശേഷിച്ച് ഭക്ഷ്യ വകുപ്പിൽ, കേന്ദ്ര ഭക്ഷ്യമന്ത്രാലയത്തിൽ നിന്ന് അങ്ങനെ ഒരു നീക്കം നടക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അമേരിക്കൻ കൺസൾട്ടൻസിയായ മെക്കൻസി തയ്യാറാക്കി നമ്മുടെ കേന്ദ്ര ഭരണാധികാരികളെ ഉപദേശിച്ചതനുസരിച്ച് ഈ ഭക്ഷ്യ വിതരണ സമ്പ്രദായം സ്വകാര്യ ലാഭക്കൊച്ചവടക്കാരായ കൊള്ള ലാഭക്കാരായ ആളുകളുടെ കൈയിലേക്ക് കൊടുത്തും ഇന്ത്യയിൽ ആകെയുള്ള പാവപ്പെട്ടവരെയും, അതുപോലെ ലക്ഷക്കണക്കായ നമ്മുടെ കേരളത്തിലെ ജനങ്ങളേയും വലയ്ക്കാനും തകർക്കാനും മാത്രം ഇടയാക്കുന്ന ഈ സമ്പ്രദായത്തിലേക്ക് യാതൊരു കാരണവശാലും കേന്ദ്ര ഗവൺമെന്റ് പോകരുത് എന്നും അത് കേരളത്തിൽ നടപ്പിലാക്കാൻ ഇടയാക്കരുത് എന്നും നമ്മുടെ ഗവൺമെന്റും ഭക്ഷ്യകാര്യവകുപ്പും ഇക്കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധിച്ച് ആവശ്യം വേണ്ട നടപടി എടുക്കണമെന്നും ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*: സർ, കേന്ദ്ര ഭക്ഷ്യവകുപ്പ് ഇത്തരത്തിൽ ഒരു തീരുമാനം എടുത്തതായി സംസ്ഥാന ഗവൺമെന്റിനെ നാളിതുവരെയും അറിയിച്ചിട്ടില്ല. എന്നാൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി 2004-2005 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ഒന്നോ രണ്ടോ ജില്ലകളിൽ ഭക്ഷ്യ കൂപ്പൺ സമ്പ്രദായം പരീക്ഷണാർത്ഥം നടപ്പിലാക്കും എന്ന് പറഞ്ഞിരുന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ പദ്ധതി നടപ്പിലാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നിർദ്ദേശമുണ്ടായാൽ സംസ്ഥാനത്തിന്റെ ബുദ്ധിമുട്ടുകൾ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്. ഇക്കാര്യം നമ്മുടെ എം. പി. മാരുടെ യോഗത്തിലെ തന്നെ അജണ്ടയിൽ ഉൾപ്പെടുത്തിക്കൊണ്ട് ചർച്ച ചെയ്യുന്നതിനു തീരുമാനം എടുത്തിട്ടുമുണ്ട്. അങ്ങ് പറഞ്ഞതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് 1966-ലാണ് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സിസ്റ്റം നടപ്പിലാക്കിയത്. ഏതാണ്ട് 14,000-ത്തിലധികം റേഷൻ കടകളിലൂടെ നമ്മുടെ പൊതുവിതരണരംഗം ഏറെ ശക്തിമത്തായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, ഇൻഡ്യയ്ക്കാകെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് കേരളത്തിൽ റേഷൻ കടകൾ പൊതുവിതരണ രംഗത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. അപ്പോൾ തീർച്ചയായും അങ്ങ് പറഞ്ഞ ഈ വിഷയം ഇത്തരത്തിൽ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ വേണ്ടിയുള്ള ഒരു നിർദ്ദേശം പൊന്തിവന്നാൽ നമ്മുടെ സംസ്ഥാനത്തെ ഏതാണ്ട് 14,000-ൽ അധികം വരുന്ന റേഷൻ കടകൾ നടത്തപ്പെടുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കും. റേഷൻ ഡീലേഴ്സ് അസോസിയേഷന്റെ യോഗം വിളിച്ചു കൂട്ടുമ്പോഴും ഈ ആശങ്ക അവർ ഉയർത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം എന്നുള്ള നിലയിൽ ഇത് ഒരു കാരണവശാലും നടത്തുവാൻ പാടില്ല, അതിനെ ഇൻസിസ്റ്റ് ചെയ്യുവാൻ പാടില്ല എന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്.

(2) സംസ്ഥാനത്ത് ആന്ത്രാക്സ് രോഗം തടയാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം

ശ്രീ. ഇ. എം. അഗസ്തി: കേരളത്തിന്റെ വടക്കൻ പ്രദേശമായ ഇടുക്കി ജില്ലയോട് ചേർന്നു കിടക്കുന്ന തമിഴ്നാട്ടിലെ തേനി, രാമനാഥപുരം, മധുര തുടങ്ങിയ 7 ജില്ലകളിലെ കന്നുകാലികൾക്ക് ആന്ത്രാക്സ് രോഗം പിടിപ്പെട്ടിരിക്കുകയാണ്. കുമിളി, കമ്പംമേട് തുടങ്ങിയ ചെക്പോസ്റ്റുകൾ വഴി കേരളത്തിലേക്ക് ധാരാളം കന്നുകാലികളെ കൊണ്ടുവന്ന് മാംസവിൽപ്പന നടത്തുകയാണ്. ആന്ത്രാക്സ് വളരെ മാരകമായ രോഗമാണ്. ആന്ത്രാക്സ് രോഗംമൂലം ചത്ത മൃഗങ്ങളെ മണ്ണെണ്ണ ഒഴിച്ച് കത്തിക്കുകയാണ് തമിഴ്നാട്ടിൽ ചെയ്യുന്നത്. വളരെ ഭയാനകമായ ഈ രോഗത്തിൽ നിന്ന് കേരള സംസ്ഥാനത്തെ